ആക്ഷേപങ്ങൾ, ഇതിനായി നിയോഗിക്കപ്പെട്ടിട്ടുള്ള ഇലക്ഷൻ സ്പെഷ്യൽ ആഫീസർ പരിശോധിച്ച് തീർപ്പു കൽപ്പിച്ചു വരികയാണ്. 36 പഞ്ചായത്തുകളെ സംബന്ധിക്കുന്ന 86 റിവിഷൻ ഹർജ്ജികളിൻമേൽ തീരുമാനമെടുക്കേണ്ടതുണ്ട്. മുനിസിപ്പാലിറ്റികളിലെ വാർഡു വിഭജനം പൂർത്തിയായി. 1-1-1986-ന് 18 വയസ്സ് പൂർത്തിയായവരെ ഉൾക്കൊള്ളിച്ചുകൊണ്ട് വോട്ടർ പട്ടിക പുതുക്കുന്ന ജോലി നടന്നു വരുന്നു. കോർപ്പറേഷനുകളിലെ വാർഡു വിഭജനം നടന്നു വരുന്നു.

(എഫ്) പഞ്ചായത്ത് തെരഞ്ഞെടുപ്പ് സംബന്ധമായ ജോലികൾക്കായി 13-12-1984-ന് 233 ഉദ്യോഗസ്ഥൻമാരേയും മുനിസിപ്പൽ തെരഞ്ഞെടുപ്പ് സംബന്ധമായ ജോലികൾക്കായി 13-3-1985-ന് 6 ഉദ്യോഗസ്ഥൻമാരേയും നിയമിച്ചിട്ടുണ്ട് .

(ജി) കോർപ്പറേഷനൊഴികെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് വിഭജനം പൂർത്തിയായിട്ടുണ്ട്.

(എച്ച്) പഞ്ചായത്തുകളുടെ വാർഡു വിഭജനം സംബന്ധിച്ച കരട് വിജ്ഞാപനത്തിൻമേൽ 2088 പരാതികളും അതിൻമേലുള്ള അപ്പീലായി 446 പരാതികളും റിവിഷനായി 318 പരാതികളും ലഭിച്ചിട്ടുണ്ട്. ഇവയിൽ 86 റിവിഷൻ പരാതികളൊഴികെയുള്ളവ തീർപ്പാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന 86 പരാതികളിൻമേൽ ഹിയറിംഗ് നടത്തി താമസിയാതെ തീരുമാനമെടുക്കുന്നതാണ്. മുനിസിപ്പാലിറ്റികളുടെ വാർഡു വിഭജനം സംബന്ധിച്ച് കരട് വിജ്ഞാപനത്തിൻമേൽ 400 ലേറെ പരാതികളും ലഭിക്കുകയും അവയെല്ലാം തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

(ഐ) ഇല്ല.

കേന്ദ്ര ഗവൺമെൻറിൽ നിന്ന് അനുമതി ലഭിച്ചിട്ടുള്ള റോഡ് വർക്കുകൾ

* 95 [100] ശ്രീ. കാനം രാജേന്ദ്രൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ. ഇ. ഇസ്മയിൽ :
,, കെ. ടി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ. എൽ. ഇ. ജി. പി. സ്കീമിൽ 1985-86-ൽ ഏതെങ്കിലും റോഡു വർക്കുകൾക്ക് കേന്ദ്ര ഗവൺമെൻറിൽ നിന്ന് അനുമതി ലഭിച്ചിട്ടുണ്ടോ ;

(ബി) റോഡു വർക്കുകൾക്കു വേണ്ടി എത്ര തുകയുടെ സ്കീമുകളാണ് സംസ്ഥാന ഗവൺമെൻറ് കേന്ദ്ര അനുമതികൾക്കു വേണ്ടി സമർപ്പിച്ചതെന്ന് വ്യക്തമാക്കാമോ ?

സാമൂഹ്യ വികസന വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) :

(എ) ഇല്ല.

(ബി) 1667.62 ലക്ഷം രൂപയുടെ സ്കീമാണ് കേന്ദ്ര അനുമതിക്ക് വേണ്ടി സമർപ്പിച്ചിട്ടുള്ളത് .

LIBRARY ARCHIVES Kerala Legislative Assembly